പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1252 04.12.2014-ലെ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ വെങ്ങനാട് കോവിലകം വക പാട്ടഭൂമി

ചോദ്യം
ശ്രീ. കെ. രാധാകൃഷ്ണൻ

മറുപടി
ശ്രീ.അടൂർപ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റിന്റെ (ഇപ്പോൾ പോബ്സ് എസ്റ്റേറ്റ്) കൈവശമുള്ള വെങ്ങനാട് കോവിലകം വക പാട്ടഭൂമി ഏത് കാലയളവിലെ നടപടികളിലൂടെയാണ് വിലയാധാരമാക്കി മാറ്റിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | (എ) | നെന്മാറ സബ് രജിസ്ട്രാർ ഓഫീസിലെ 09/06/2008 ലെ 2119/2008-ാം നമ്പർ ആധാര പ്രകാരം. |
| (ബി) | 1889-ലെ പാട്ടാധാരം 1969-ൽ വിലയാധാരമായി മാറ്റിയത് നിയമാനുസൃതമായിട്ടാണോ ; ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾവെളിപ്പെടുത്താമോ ; | (ബി) | 14/07/2014 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3173/2014/റവന്യൂ. പ്രകാരം ലാന്റ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | 1963-ലെ ഭൂപരിഷ്കരണ നിയമാനുസൃതം, പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാത്തത് എന്തുകൊണ്ടാണ് ; അതിനുവേണ്ടി അടിയന്തര സർവ്വെ നടത്തുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | നെല്ലിയാമ്പതിയിൽ തർക്കവിധേയമായ മുഴവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സ്പെഷ്യൽ സർവ്വെ ടീമിനെ രൂപീകരിക്കുവാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തി 12/11/2014 ലെ സ.ഉ.(സാധാ) നം. 5473/2014/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ടീമിന്റെ സർവ്വെ നടപടി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ